# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 26

## വാർത്താക്കുറിപ്പ്

### മികച്ച ശാസ്ത്രജ്ഞരുടെ റാങ്കിങ്ങിൽ ഇടംനേടിയവർക്ക് എം.ജി. സർവകലാശാലയുടെ ആദരം ഇന്ന് (നവംബർ 27)

അമേരിക്കയിലെ സ്റ്റാൻഫോഡ് സർവകലാശാല തയാറാക്കിയ 'ഇന്ത്യയിൽനിന്നുള്ള മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ റാങ്കിങ്ങിൽ' കേരളത്തിൽനിന്ന് ഇടംനേടിയവരെ മഹാത്മാഗാന്ധി സർവകലാശാല ആദരിക്കുന്നു. ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടി 'മീറ്റ് ദി അച്ചീവർ' ഇന്ന്(നവംബർ 27) വൈകിട്ട് അഞ്ചിന് നടക്കും. ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ ഉദ്ഘാടനം നിർവഹിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. ഗംഗൻ പ്രതാപ് മുഖ്യപ്രഭാഷണം നടത്തും. പ്രോവൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസ് എന്നിവർ പങ്കെടുക്കും. പട്ടികയിൽ ഇടം നേടിയ ശാസ്ത്രജ്ഞർ അനുഭവങ്ങൾ പങ്കുവയ്ക്കും. കേരളത്തിൽനിന്ന് 38 പേരാണ് റാങ്കിങ്ങിൽ ഇടംനേടിയത്.

സംസ്ഥാന സർവകലാശാലകളിൽനിന്ന് ആറുപേരാണ് റാങ്കിങ്ങിലെത്തിയത്. പ്രൊഫ. സാബു തോമസ് (മഹാത്മാഗാന്ധി സർവകലാശാല), അശോക് പാണ്ഡേ(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്സിക്കോളജി റിസർച്ച്), ഗംഗൻ പ്രതാപ് (എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക

സർവകലാശാല), ഗിരിജ കുട്ടൻ, രാമദാസൻ കുട്ടൻ (അമല കാൻസർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ), ആർ. ജയകുമാർ, ശാന്തികുമാർ നായർ (അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഇന്ത്യ), മനീഷ വിനോദിനി രമേശ്(അമൃത സർവകലാശാല), എസ്. എൻ. മൂർത്തി(ഐ.സി.എ.ആർ സെൻട്രൽ ട്യൂബർ കോർപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), കെ.എൻ. നൈനാൻ, സി.പി. രഘുനാഥൻ നായർ (ഐ.എസ്.ആർ.ഒ.), കെ.ടി. അഗസ്റ്റി(കണ്ണൂർ സർവകലാശാല), ബി. മോഹൻ കുമാർ(കേരള കാർഷിക സർവകലാശാല), വഴിയിൽ വേണുഗോപാൽ (കുഫോസ്), ഡെയ്സി ഫിലിപ് (മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം), എം.എൽ.പി. റെഡ്ഡി, എ. അജയഘോഷ്, വിജയ് നായർ, ചെറുമുറ്റത്ത് എച്ച്. സുരേഷ്, സി.കെ.എസ്. പിള്ള, റ്റി. എമില അബ്രഹാം, രാജീവ് കെ. സുകുമാരൻ, ബി.സി. പൈ, സതി ചന്ദ്രശേഖർ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി), എസ്. അശോക്, എസ്. ജയരാജ്(എൻ.ഐ.റ്റി. കോഴിക്കോട്), ജി.ബി. നായർ, രാകേഷ് കുമാർ(രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി), കെ. ശ്രീനിവാസൻ, കെ.ആർ. തങ്കപ്പൻ, കുറുപ്പത്ത് രാധാകൃഷ്ണൻ, ചന്ദ്ര പി. ശർമ (ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി), കോട്ടാക്കൽ പൗലോസ് മാർട്ടിൻ, എം.ടി. രമേശൻ (കാലിക്കട്ട് സർവകലാശാല), റ്റി.എസ്. അനിരുദ്ധൻ (കേരള സർവകലാശാല) ഡോ.എം.ഡി. മാത്യു (സെയിൻ്റ് ഗിറ്റ്സ് എൻജിനീയറിങ് കോളജ്, കോട്ടയം) എന്നിവരാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് റാങ്കിങ്ങിൽ ഇടംപിടിച്ചത്. മദ്രാസ് ഐ.ഐ.ടി.യിലെ മലയാളിയായ എ. ജയകൃഷ്ണനും റാങ്കിംഗിൽ ഇടംനേടിയിരുന്നു.

ലോകത്തെ ഒരു ലക്ഷം മികച്ച ശാസ്ത്രജ്ഞരിൽനിന്നാണ് രണ്ടു ശതമാനംപേരുടെ പട്ടിക സ്റ്റാൻഫോഡ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ തയാറാക്കിയത്. എച്ച് -ഇൻഡക്സ്, ഗ്രന്ഥകർതൃത്വം, ലേഖനങ്ങൾ അവലംബമാക്കുന്നവരുടെ കണക്ക്(സൈറ്റേഷൻസ്) എന്നിവ മാനദണ്ഡമാക്കിയാണ് 22 ശാസ്ത്രമേഖലകളിലെയും 176 ഉപമേഖലകളിലെയും ലോക റാങ്കിങ് തയാറാക്കിയത്. https://mgu.webex.com/mgu/j.php?MTID=m89ef2d4f1d964ec22942d630b7fa37cb എന്ന ലിങ്കിലൂടെ പരിപാടിയിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/1233/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ